**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2893** | **03-08-2021 - ൽ മറുപടിയ്ക്ക്**

**എടത്വയിൽ നിന്നും ഇന്റർസ്റ്റേറ്റ് സർവീസ് ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | എടത്വയിൽ നിന്നും അന്തർ സംസ്ഥാന ബസ് സർവീസുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | അയൽ സംസ്ഥാനങ്ങളുമായി രൂപീകരിക്കുന്ന അന്തർ സംസ്ഥാന കരാറുകളിലെ വ്യവസ്ഥ കൾക്കനുസരിച്ചാണ് കെ.എസ്.ആർ.ടി.സി അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തി വരുന്നത്. നിലവിലെ കരാറുകളിൽ എടത്വ ഡിപ്പോയിൽ നിന്ന് അന്തർ സംസ്ഥാന റൂട്ടുകളിലേക്ക് സർവ്വീസ് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ പ്രസ്തുത ഡിപ്പോയിൽ നിന്നും അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | എടത്വ, ചക്കുളത്തുകാവ് തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് കൂടുതൽ ബസ് സർവീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | നിലവിൽ എടത്വ ഡിപ്പോയിൽ നിന്നും ചക്കുളത്തുകാവ്, തിരുവല്ല, കോട്ടയം, തൃശ്ശൂർ വഴി ഗുരുവായൂരിലേക്ക് സർവ്വീസ് ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. പാറശ്ശാല ഡിപ്പോയിൽ നിന്നും തിരുവനന്തപുരം, കൊല്ലം, എടത്വ വഴി ചക്കുളത്തുകാവിലേക്ക് സർവ്വീസുണ്ട്. കൂടാതെ ആലപ്പുഴ, തിരുവല്ല, എടത്വ, ഹരിപ്പാട്, എന്നിവിടങ്ങളിൽ നിന്നും ചക്കുളത്തുകാവ് വഴി നിരവധി സർവ്വീസുകൾ ഇപ്പോൾ നടത്തു ന്നുണ്ട്. കൂടുതൽ സർവ്വീസുകൾ ആരംഭിക്കു ന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ